23 (*303) ആയുർവേദവുമായി ബന്ധപ്പെടുത്തി ടൂറിസം വികസനം

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

ശ്രീ. യു.എസ്. ശശി :- താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് ആയുർവേദ ചികിത്സാരീതിയെ വിനോദ സഞ്ചാരവുമായി ബന്ധപ്പെടുത്തി ടൂറിസം വിപുലീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള എന്തെല്ലാം പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മൺസൂൺ ടൂറിസം വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി) ഉണ്ട്. മൺസൂൺ കാലയളവിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ആയുർവേദ ചികിത്സാ രീതിക്ക് വിപുലമായ പ്രചാരണം നൽകി കേരളത്തിലെ ഒരു പ്രധാന ടൂറിസ്റ്റ് ആകർഷണ കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ആയുർവേദ സെന്ററുകളുടെ ദുർവിനിയോഗവും മറ്റ് ചൂഷണങ്ങളും തടയുന്നതിനും മിനിമം സൗകര്യങ്ങളോടുകൂടി മാത്രമുള്ള ആയുർവേദ സെന്ററുകൾ ഉറപ്പുവരുത്തുന്നതിനും വേണ്ടി ആയുർവേദ സെന്ററുകൾക്ക് സർക്കാർ അംഗീകാരം നൽകുന്നതിനുള്ള ഒരു പദ്ധതിയും ടൂറിസംവകുപ്പ് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ഇതുപ്രകാരം അംഗീകാരം ലഭിക്കുന്ന സെന്ററുകൾക്ക് മൊത്തം ചെലവിന്റെ 10 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകിവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്രമാതീതമായി വളർന്നുവരുന്ന ആയുർവേദ കേന്ദ്രങ്ങൾക്ക് ലൈസൻസിംഗ് ഏർപ്പെടുത്തുന്നതിനുവേണ്ടി ഒരു പദ്ധതിയും പരിഗണനയിലുണ്ട്.

(സി) സംസ്ഥാനത്ത് മൺസൂൺ ടൂറിസം എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ ഗൾഫ് മേഖലയിൽനിന്നും മൺസൂൺ സീസണിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ചില പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. ഗൾഫിൽ ഒരു പ്രതിനിധി ഓഫീസ്, പരസ്യ പ്രചാരണം, റോഡ്ഷോ തുടങ്ങിയ വിഭാവനം ചെയ്യുന്ന ഈ പദ്ധതിക്ക് മൊത്തം ഒരു കോടി രൂപ ചെലവ് കണക്കാക്കുന്നു. കൂടാതെ ബോംബെ, ഗുജറാത്ത് മാർക്കറ്റുകളിൽ നിന്നും ആഭ്യന്തര ടൂറിസ്റ്റുകളെ മൺസൂൺ സീസണിൽ കൂടുതലായി ആകർഷിക്കുന്നതിനായി റോഡ്ഷോ, പരസ്യ പ്രചാരണം തുടങ്ങിയവ നടത്തുന്നുമുണ്ട്. ഇതുവഴി കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകളെ മൺസൂൺ സീസണിൽ കേരളത്തിലേക്ക് കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly